**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1356** — **06-02-2020 ൽ മറുപടിക്ക്**

## പാട്ട നിരക്കുകൾ പുതുക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ട നിരക്കുകൾ പുതുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും നിലവിലുള്ള പാട്ട നിരക്കുകൾ എത്രയെന്നും വിശദമാക്കാമോ; | (ബി) 1985 മുതൽ 2016 വരെ പാട്ടക്കുടിശ്ശിക വാണിജ്യ സ്ഥാപനങ്ങൾക്കുള്ള പാട്ട നിരക്ക് 5% മായും വാണിജ്യ ഇതര സ്ഥാപനങ്ങൾക്ക് പാട്ട നിരക്ക് കമ്പോളവിലയുടെ 2% ന് മുകളിൽ നിശ്ചയിച്ചിരുന്നവ 2% ആയും നിജപ്പെടുത്തി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിന് 2019 ലെ സംസ്ഥാന ബജറ്റിലെ പ്രഖ്യാപന പ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിലുള്ള പാട്ടനിരക്കുകൾ ജി.ഒ (എം.എസ്) 96/16/റവ തീയതി 06.02.2016 ജി.ഒ (പി) 64/16/റവ തീയതി 28.01.2016 എന്നീ ഉത്തരവുകൾ പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (സി) 31-03-2006-ൽ പാട്ടകാലാവധി അവസാനിച്ചതും പാട്ടവ്യവസ്ഥകൾ യും ലംഘിച്ചുകൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബ് യും കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ A3/97/2018/Rev നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (സി) (ഡി) കാലാകാലങ്ങളിൽ പാട്ടനിരക്കുകൾ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം കണക്കാക്കിയ പാട്ടക്കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച് നല്കിയ നോട്ടീസിനെതിരായി കൊച്ചിൻ ക്ളബ്ബ് ബഹു.ഹൈക്കോടതി മുൻപാകെ WP(C) 36969/2007 ഫയൽ ചെയ്യുകയുണ്ടായി.പ്രസ്തുത കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ടി.ക്ളബ്ബിന്റെ അപേക്ഷ മന്ത്രിസഭ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനു നിർദ്ദേശിച്ചിരുന്നു. ടി.വിധിന്യായത്തിലെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. |
| (ഡി) ഈ സ്ഥാപനത്തിന്റെ പാട്ട കാലാവധിയും പാട്ടകുടിശ്ശികയും | 2019-20 ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കാൻ തയ്യാറാകുന്നവർക്ക് |

| | |
|---|---|
| സംബന്ധിച്ച കാര്യത്തിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ? | വാണിജ്യാടിസ്ഥാനത്തിലല്ലാതെ പ്രവർത്തിക്കുന്നവയ്ക്ക് കമ്പോളവിലയുടെ 2% നിരക്കിലും വാണിജ്യാടിസ്ഥാത്തിലുള്ളവയ്ക്ക് കമ്പോളവിലയുടെ 5% നിരക്കിലും മുൻകാല പ്രാബല്യത്തോടെ പാട്ടം കണക്കാക്കി അടിയന്തിരമായി പാട്ടത്തുക നിശ്ചയിക്കാവുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും അതിനാൽ കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കുടിശ്ശിക പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർക്കും എറണാകുളം ജില്ലാ കളക്ടർക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**